15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3523 | 02-03-2023 - ൽ മറുപടിയ്ക്ക്

കലാലയങ്ങളുടെ പ്രവർത്തന സമയങ്ങളിൽ മാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എം.വിജിൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോളേജ് കാമ്പസ് പ്രവർത്തന സമയങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എത്ര സമയമാണ് അധികമായി പ്രവർത്തിക്കുക; ലാബുകൾ, ലൈബ്രറികൾ, കംപ്യൂട്ടർ സൗകര്യം എന്നിവ മെച്ചപ്പെടുത്താൻ പദ്ധതി ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ കലാലയങ്ങളിൽ Flexible Timings നടപ്പിലാക്കുന്നത് സംബന്ധിച്ച ശിപാർശ ഉണ്ട്. ഇത് കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി പരിശോധിച്ചുവരുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ലൈബ്രറി, ലബോറട്ടറികൾ, വർക്ക്ഷോപ്പുകൾ, ഗവേഷണകേന്ദ്രങ്ങൾ, സ്പോർട്സ് സൗകര്യങ്ങൾ എല്ലാ വിദ്യാർത്ഥികൾക്കും രാത്രി 9.30 വരെ പ്രയോജനപ്പെടുന്നതിനായി തിരുവനന്തപുരം, കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ നിലവിലുള്ള ജീവനക്കാരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ രാവിലെ 9 മുതൽ വൈകുന്നേരം 4 വരെ, ഉച്ചയ്ക്ക് 3.30 മുതൽ രാത്രി 9.30 വരെ എന്നീ രണ്ട് സമയക്രമത്തിൽ വിനിയോഗിക്കുന്നതിന് കോളേജ് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിക്കൊണ്ട് 20.12.2022-ലെ സ.ഉ. (സാധാ) നം. 1862/2022/ഉ.വി.വ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർവകലാശാല കാമ്പസുകളിലും കലാലയങ്ങളിലും ലബോറട്ടറികളും ലൈബ്രറികളും വികസിപ്പിക്കുന്നതിന് പദ്ധതികൾ ഉണ്ട്. കേരള സർവകലാശാലയിലെ ഗവേഷണ ലബോറട്ടറികൾക്ക് ഉപകരണങ്ങൾ വാങ്ങാൻ കിഫ്ബിയിൽ നിന്ന് 48.72 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ |

| | | | |
|---|---|---|---|
| | | | ഡയറക്ടറേറ്റും , സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | പ്രോജക്ടുകളുടെയും ഗവേഷണങ്ങളുടെയും നിലവാരം ഉയർത്തുന്നതിനും കാമ്പസിൽ നിന്നു തന്നെ സ്റ്റാർട്ടപ്പ് കമ്പനികളെ വളർത്തിയെടുക്കുന്നതിനും പ്രസ്തുത തീരുമാനം എങ്ങിനെയെല്ലാം സഹായകരമാകുമെന്ന് വിശദമാക്കാമോ; | (ബി) | പ്രോജക്ടുകളുടെയും ഗവേഷണങ്ങളുടെയും നിലവാരം ഉയർത്തുന്നതിനും കാമ്പസിൽ നിന്നു തന്നെ സ്റ്റാർട്ടപ്പ് കമ്പനികളെ വളർത്തിയെടുക്കുന്നതിനും സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിൽ വിവിധ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിൽ സാമൂഹ്യ പ്രസക്തിയുള്ള ഗവേഷണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ടെക്നോളജി ഇൻകുബേഷൻ സെന്ററുകളും ഉൽപാദന പരിശീലന കേന്ദ്രങ്ങളും വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി, Mini Industrial Units എന്നിവയുടെ പ്രവർത്തനങ്ങളും പുരോഗമിക്കുന്നുണ്ട്. കോളേജ് ക്യാമ്പസ് പ്രവർത്തന സമയങ്ങളിൽ മാറ്റം വരുത്തുന്നത് വഴി വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം സംരംഭകത്വ വികസന പ്രവർത്തനങ്ങളിലും ഗവേഷണ പദ്ധതികളും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും കഴിയുന്നതാണ്. |
| (സി) | സംസ്ഥാനത്ത് എല്ലാ കലാലയങ്ങളുടെയും പ്രവർത്തന സമയം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | 'എ' - യിൽ മറുപടി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ